# പി ആർ വില്യം ഹയർസെക്കന്ററി സ്കൂൾ  കാട്ടാക്കട

# തിരുവനന്തപുരം



## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -2026

## പി ആർ വില്യം എച്ച് എസ് എസ് കാട്ടാക്കട

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 2. പഞ്ചായത്ത് | : | കാട്ടാക്കട |
| 3. വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| 4. സബ്ജില്ല | : | കാട്ടാക്കട |
| 5. സ്കൂളിന്റെ പേര് | : | പി ആർ വില്യം എച്ച്എസ്എസ് കാട്ടാക്കട |
| 6. സ്കൂൾ കോഡ് | : | 44018 |
| 7. ക്ലാസുകൾ | : | 5 മുതൽ 12 വരെ |
| 8. മാനേജ്മെന്റ് | : | എയ്ഡഡ് |
| 9. പഠനം മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |
| 10. ഇ-മെയിൽ അഡ്രസ് | : | prwhssktda@yahoo.com |
| 11.ഫോൺ നമ്പർ | : | 04712293096 |

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽ കാട്ടാക്കട ഉപജില്ലയിലെ ഒരു എയ്ഡഡ് വിദ്യാലയമാണ് പി ആർ വില്യം ഹയർ സെക്കൻഡറി സ്കൂൾ. കാട്ടാക്കട താലൂക്കിലെ ആദ്യത്തെ ഹൈസ്കൂൾ വിദ്യാലയമാണ് . രണ്ട് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 20 ഹൈടെക് ക്ലാസ്സ്മുറികളും, യു പി യ്ക്ക് 13 ക്ലാസ് മുറികളുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും, ഹയർ സെക്കൻഡറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. വിദ്യാരംഗം ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ് ,ഹിന്ദി ക്ലബ്, എക്കോ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഗണിത ക്ലബ്, എനർജി ക്ലബ്, ഗാന്ധിദർശൻ,സാമൂഹ്യ ശാസ്ത്രക്ലബ്ബ്, ഐറ്റി ക്ലബ്, ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്, എസ് പി സി, എൻ സി സി, ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് ,വിദ്യാർത്ഥികൾക്ക് അവരുടെ ആശയങ്ങൾ പരീക്ഷിക്കാനും, കണ്ടുപിടുത്തങ്ങൾ നടത്താനും, ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം (STEM) വിഷയങ്ങളിൽ പ്രായോഗിക പരിജ്ഞാനം നേടാനുള്ള ഒരു അറ്റൽ ടിങ്കറിംഗ് ലാബ് , ശാസ്ത്ര ലാബ്, ലൈബ്രറി, എന്നിവ കുട്ടികളുടെ സർഗ്ഗവാസനകളെയും ശാസ്ത്രാഭിരുചിയേയും വളർത്തുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും, സാമൂഹിക പ്രതിബദ്ധത ഉള്ളവരാക്കി തീർക്കാൻ വേണ്ടി പ്രവർത്തിക്കുന്നു. സ്കൂൾ അസംബ്ലിയും,ദിനാചരണങ്ങളും വിദ്യാർത്ഥികളുടെ പാഠ്യ –പാഠ്യേതര മികവുകളെ മികച്ചതാക്കാൻ സഹായിക്കുന്നു .സ്കൂളിൽ വിശാലമായ കളിസ്ഥലം ഉണ്ട് . യു.പി , എച്ച് .എസ് വിഭാഗങ്ങളിലായി ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിൽ 1106 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. പ്രഥമാധ്യാപിക ശ്രീകല എൽ ടീച്ചറും 47 അധ്യാപകരും, 5 ഓഫീസ് സ്റ്റാഫും, റിസോഴ്സ് ടീച്ചറും , നൂൺമീൽ സ്റ്റാഫും അടങ്ങുന്നതാണ് ഈ വിദ്യാലയ കുടുംബം.

പി ആർ വില്യം ഹയർ സെക്കൻഡറി സ്കൂൾ എസ്.എസ്.എൽ.സി പരീക്ഷയിൽ വർഷങ്ങളായി ഉന്നത വിജയം നേടുന്നു . വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമി കരംഗത്തും, കലാകായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നു. പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി അക്കാദമി കരംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എ ഇടപെടലും, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. .ഹരിത ഭംഗിയാർന്ന ജൈവസമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ് , ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ,സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.

# മേഖല : യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.<br>2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക.<br>3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ<br>4. മലയാളം ടൈപ്പിംഗ് പഠിക്കലും അതിലുള്ള സർഗ്ഗശേഷി വളർത്തലും. | 1. എന്റെ അവധിക്കാലം<br>-പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ കഥ, കവിത, യാത്രാനുഭവ കുറിപ്പ് അവതരിപ്പിക്കുന്നു.<br>-ഭാഷ കേളി ,<br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ, ഉറപ്പിച്ച അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.<br>അക്ഷരങ്ങളും, ചിത്രങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും, വാക്യങ്ങളുടെയും നിർമ്മാണം.<br>2. വാർത്താ ലോകത്തേക്ക്.<br>പത്രം ,ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>-വാർത്ത വായന<br>നവമാധ്യമങ്ങളുടെ സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടിക്ക് അവസരം നൽകുന്നു.<br>3. പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ ,ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>4. ഇ- കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും, ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്നു,സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | 1. ജൂൺ മാസം എല്ലാദിവസവും<br>2. എല്ലാ ദിവസവും<br>3. അക്കാദമിക വർഷം<br>4. ഒരു വർഷം | 1. മലയാളം അധ്യാപകർ.<br>2. മലയാളം ക്ലബ്<br>3. പിടിഎ, സ്കൂൾ<br>4. മലയാളം, ഐടി അധ്യാപകർ | പി റ്റി എ<br>പി റ്റി എ |

## മേഖല : എച്ച് എസ് മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരമുറപ്പിക്കൽ,<br>ചിഹ്നം ഉറപ്പിക്കൽ,<br>പദനിർമ്മാണം,<br>വാക്യനിർമ്മാണം<br>എന്നിവയിലൂടെ<br>എല്ലാ കുട്ടികൾക്കും<br>മലയാളം<br>അനായാസനം<br>എഴുതാനും<br>വായിക്കാനും ഉള്ള<br>കഴിവ്<br>വികസിപ്പിക്കൽ.<br><br>പ്രവർത്തനം 2<br>ക്ലാസ്<br>നിലവാരത്തിലുള്ള<br>പുസ്തകങ്ങൾ<br>ലഭ്യമാക്കുന്നതിലൂടെ<br>പത്രമാസികകൾ<br>ക്ലാസ് മുറികളിൽ<br>ലഭ്യമാക്കുന്നതിലൂടെ<br>യും എല്ലാ<br>കുട്ടികളെയും മികച്ച<br>വായനക്കാർ ആക്കി<br>മാറ്റുക.<br>പ്രവർത്തനം മൂന്ന്<br>വായന അനുഭവം<br>പങ്കുവയ്ക്കുന്നതിലൂടെ<br>പുസ്തകങ്ങളെ<br>കാര്യക്ഷമമായി<br>വിലയിരുത്താനുള്ള<br>ശേഷി<br>വർദ്ധിപ്പിക്കുക.<br>പ്രവർത്തനം 4<br>കുട്ടികളിൽ | 1. കഥ, കവിത,<br>ചിത്രരചനകൾ,സമാനപദങ്ങൾ<br>ഉപയോഗിച്ച് വാക്യ രചനകൾ, പദ<br>കാർഡ് വായന, ചിത്രപദ കാർഡ്<br>വായന<br>2. കഥാ വായന,<br>കവിത വായന ,<br>പത്ര വായന,<br>നോവൽ വായന<br><br>3. വായിച്ച് പുസ്തകങ്ങൾ<br>അവതരിപ്പിക്കുന്നു.<br><br>4. ഭംഗിയായി എഴുതാൻ<br>ശീലിപ്പിക്കുന്നു ,ശില്പശാല<br>കയ്യെഴുത്ത് മത്സരം, പോസ്റ്റർ രചന.<br><br>5.സാഹിത്യകാരന്മാരുടെ<br>ചിത്രങ്ങൾ, പ്രസിദ്ധ വാക്യങ്ങൾ<br>എന്നിവ ക്ലാസ് ചുമരിൽ<br>പ്രദർശിപ്പിക്കുന്നു.<br><br>6. ഓണം, ക്രിസ്മസ് തുടർച്ചയായി<br>മറ്റ് അവധികൾ എന്നീ<br>അവസരങ്ങളിൽ കുട്ടികൾക്ക്<br>വായിക്കുന്നതിന്<br>ആവശ്യാനുസരണം പുസ്തകങ്ങൾ<br>ലൈബ്രറിയിൽ നിന്ന്<br>തിരഞ്ഞെടുക്കുന്നതിന് അവസരം<br>നൽകുന്നു.<br>7. ബഷീർ അനുസ്മരണ ദിനം<br>ഒമ്പതാം ക്ലാസിലെ കുട്ടികൾക്ക്<br>ബഷീർ കൃതികൾ<br>വായിക്കുന്നതിനുള്ള അവസരമാക്കി<br>മാറ്റുന്നു. ബഷീർ കൃതികൾ | ജൂൺ മാസം<br><br><br><br><br>ജൂലൈ മുതൽ<br>ജനുവരി വരെ<br><br><br><br>ജൂലൈ മുതൽ<br>ജനുവരി വരെ<br><br><br>ജൂലൈ<br><br><br><br>ആഗസ്റ്റ്<br><br><br><br>സെപ്റ്റംബർ<br><br><br><br><br><br><br><br>ജൂലൈ മുതൽ<br>ഫെബ്രുവരി<br>വരെ | അധ്യാപകർ ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ.<br><br>അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ<br><br>അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ<br><br>അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ<br><br>അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ<br>അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ<br><br>അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ<br><br>അധ്യാപകർ | പിടിഎ<br><br>ക്ലബ്ബ്<br><br>പി റ്റി എ<br><br>പി റ്റി എ |

| | | | | |
|---|---|---|---|---|
| ആത്മവിശ്വാസം<br>വർദ്ധിപ്പിക്കുന്ന<br>തരത്തിൽ<br>ഭംഗിയായി<br>എഴുതാൻ<br>ശീലിപ്പിക്കുക.<br><br>പ്രവർത്തനം 5<br>സാഹിത്യത്തോടുള്ള<br>താൽപര്യം<br>വർദ്ധിപ്പിക്കത്തക്ക<br>തരത്തിൽ<br>സാഹിത്യകാരന്മാരു<br>ടെ ചിത്രങ്ങൾ<br>സാഹിത്യകാരന്മാ<br>രെ സംബന്ധിച്ച<br>വിവരങ്ങൾ<br>മുതലായവ<br>ശേഖരിക്കുകയും<br>പ്രദർശിപ്പിക്കുകയും<br>ചെയ്യുക.<br>പ്രവർത്തനം 6<br>കുട്ടികളുടെ<br>സർഗ്ഗശേഷിയും<br>ആത്മവിശ്വാസവും<br>വർദ്ധിപ്പിക്കുക,സാ<br>ഹിത്യ രചനകൾ<br>മറ്റുള്ളവർക്ക്<br>വായിക്കുന്നതിന്<br>അവസരം<br>ഉണ്ടാക്കുക.<br>പ്രവർത്തനം 7<br>കുട്ടികളുടെ<br>സർഗ്ഗശേഷിയും<br>ആത്മവിശ്വാസവും<br>വർദ്ധിപ്പിക്കുക.<br>സാഹിത്യ<br>രചനകൾ<br>മറ്റുള്ളവർക്ക്<br>വായിക്കുന്നതിന്<br>അവസരം<br>ഉണ്ടാക്കുക.<br>പ്രവർത്തനം 8 | പ്രദർശിപ്പിക്കുകയും പ്രധാനപ്പെട്ട<br>ചില കൃതികളുടെ<br>സംക്ഷിപ്തവിവരണം,<br>വായനാനുഭവം അസംബ്ലിയിൽ<br>അവതരിപ്പിക്കുകയും ചെയ്യുന്നു.<br>ഓണപ്പതിപ്പ്<br>തയ്യാറാക്കുന്നു,ഓണത്തെ<br>സംബന്ധിച്ച<br>ഐതിഹ്യങ്ങൾ,ഓണം കൈമാറുന്ന<br>സന്ദേശം,നമ്മുടെ സംസ്കാരം,<br>എന്നിവയുമായി ബന്ധപ്പെട്ട<br>കാര്യങ്ങൾ ഉൾപ്പെടുത്താൻ<br>ആവശ്യപ്പെടുന്നു. | ജൂലൈ മുതൽ<br>ഫെബ്രുവരി<br>വരെ | അധ്യാപകർ,<br>എച്ച് എസ്<br>വിഭാഗം<br>കുട്ടികൾ | പി റ്റി എ |

| | | | | |
|---|---|---|---|---|
| മികച്ച സാഹിത്യകൃതികൾ ആസ്വദിക്കുന്നതിനും മറ്റുള്ളവർക്ക് ആസ്വാദ്യം ആകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുക.<br>പ്രവർത്തനം 9<br>ദിനാചരണങ്ങൾ, പഠന പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുക . | | | | |

# മേഖല - യു പി ഇംഗ്ലീഷ്

| AIM | ACTIVITIES | DURATION | RESPONSIBLE | ECONOMIC SOURCE |
|---|---|---|---|---|
| 1)To encourage Listening Skill<br><br>2)To enhance vocabulary<br><br>3) To encourage reading skill<br><br>4) To encourage speaking skills<br><br>5) To develop writing skills<br><br>6) Building confidence in English language<br><br>7) Awareness about special days | 1)a) Lend your ear :<br>Play simple and enjoyful English poems. Ask questions related with that poems and also encourage them to answer<br>b)Open mind:-<br>Discussing Simple themes in groups.<br>c)Story Time:-<br>Interactive story telling sessions. Characters and plots to enhance Listening skills.<br>2)a)Words Building:-<br>Vocabulary games and exercises to build word knowledge.<br>b)Follow Me If You Can :-<br>Provides training to follow instructions given in English.<br>c)Making Dictionary:-<br>Entering new words and its meaning<br>3)a) Reading Circles:-<br>Divide stüdents into small groups and provide them with appropiate | One in a month<br>June<br><br>July<br><br>August<br>January<br>Through out the year<br><br>July to February<br><br>Eveveryday<br>once in a month<br><br>February and March<br><br>once in an year<br>throughout the year | English teachers<br><br>English teachers.<br><br><br><br>English teachers and class teachers<br><br><br><br>English teachers<br><br><br><br>English teachers and club members | PTA<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>PTA |

| | | | | |
|---|---|---|---|---|
| | text books such as Short stories, experts from novals.<br>Each group reads the assigned text together and discuss the key elements like characters, theme etc.<br>b)Reader of the Month:-<br>Provide opportunity to read English newspaper in the school assembly.<br><br>c)Guided reading sessions with comprehension questions.<br>d)Preparing speeches<br>4)a)Encourage stüdents to read aloud and share their inter pretation.<br>b)Debates:-<br>Arrange debates in different topics to improve speaking ability.<br>c) Preparing and delivering speeches.<br>5)a)Class Magazine :-<br>Practice for simple creative writing tasks like short stories, simple poetry and descriptive paragraphs.<br>b)Projects:-<br>To foster critical thinking and improve sentence structure.<br>c)Language Games and puzzle:<br>Provide them an opportunity to fun, proverbs, games and puzzles.<br>6)a)English Corner:<br>Displaying children's work in the class room to Increase their interest and building confidence in the English Language.<br><br>7)a)Poster Making Competition<br>Quiz Competition<br>Elocution Competition | throughout the year<br><br>throughout the year | English teachers<br><br>English teachers and club members | |

## മേഖല - എച്ച് എസ് ഇംഗ്ലീഷ്

| OBJECTIVES | ACTIVITIES | TIME / PERIOD | RESPONSIBILITY | ECONOMIC SOURCE |
|---|---|---|---|---|
| Developing proficiency in reading, writing, listening, speaking (LSRW) | The learners should be engaged to play langauge learning games like word chains completing a story , with certain theme by a set of learners standing in a circle, video clips used with ICT also making write ups on it, making comments on the visuals, listening to music, focusing lyrics, reading books, E-books, writing Journals, creative writings etc. | June, July | English teachers | PTA |
| Application level class room tasks, activities based on real life. Contexts- helping the learners get content and use language to express. | Promoting classroom communications like greetings, instructions, exchanges in English language, role playing, discussions, report presentations.<br><br>Encouraging peer group interactions in the language during group work and discussions. | July, August, September | English teachers | |
| Focusing on engaging activities to create fun & understanding | Games & Puzzles, Cross words, using pictures, videos to enhance vocabulary and understanding. Also asking them to write reflection of the classroom activities. | October | English Teachers | PTA |
| Fostering Eglish development through creative writing. | Story telling, Drama writing on various themes. | October, November | English teachers | |
| Encouraging to focus on fluency and accuracy, correct language usage | Asking scaffolding questions, using charts and visual aids, helping to active participation in discussions , presentations etc. | November, December | English teachers | PTA |
| Encouraging the learners to | Activities should be set to focus on developing their taste in poetry – | December | English teachers | |

| | | | | |
|---|---|---|---|---|
| recite write and appreciate poems. | encouraging creative writing model recitation should be done in the classroom and ask students to find connections between their lives and themes. Helping to find rhymes, rhyming words, collecting poetic and floral language usages. | | | |
| Promoting activities through readers club | A platform to discuss, creative expression, book discussions, reading . | | English teachers | |
| Promoting through readers club | Challenges, writing book reviews, making posters, organising literary quiz or debates , Inspirational talks by writers/authors. | December, January | English teachers | PTA |
| Promoting read – a loud sessions | Develop listening skill and pronunciation , intonation etc. Creating dramatic interpretations of drama. | | Teachers | PTA |
| Provide knowledge about parts ofof of speech | Display charts to identify and give related tasks. | January, February | English teachers | PTA |

# മേഖല – യു പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.5,6,7 ക്ലാസുകളിലെ അക്ഷര ബോധനം ഉറപ്പിക്കൽ. ഹിന്ദി ഇഷ്ടപ്പെടുകയും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കൽ.<br>2. ഹിന്ദി വായന ഹിന്ദി തെറ്റു | 1. പുതിയ പദങ്ങൾ, പദ്യങ്ങൾ കണ്ടെത്തി അക്ഷരങ്ങൾ പരിചയപ്പെടുത്തും ഹിന്ദി അക്ഷര ചാർട്ട്,പദ ചാർട്ട്, ചിത്ര പദങ്ങൾ എന്നിവ കാണിക്കുന്നതിന് ICT പ്രയോജനപ്പെടുത്തും.<br>2. നിരന്തരം വായനയ്ക്കുള്ള അവസരം ഒരുക്കും. ദേശീയ ഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ,മാസങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ<br><br>ഹിന്ദി അധ്യാപകൻ | പി റ്റി എ |

| | | | | |
|---|---|---|---|---|
| കൂടാതെ ഹിന്ദി വായിക്കാനുള്ള കഴിവ് കുട്ടിയിൽ മെച്ചപ്പെടുത്തൽ.<br>3. ഹിന്ദി സംസാരം.<br>ഹിന്ദി ഭാഷ സംസാരിക്കാനുള്ള ശേഷി ഉണ്ടാക്കൽ.<br>4. ഹിന്ദി എഴുത്ത്.<br>എഴുത്തു ഉറപ്പിക്കുന്നതിനായി<br><br>പ്രത്യേക പ്രവർത്തനങ്ങൾ സജ്ജമാക്കൽ | എന്നിവ സ്ഥിരമായി ക്ലാസിൽ പ്രദർശിപ്പിക്കും. വായന കാർഡുകൾ നിർമ്മിക്കും ദിനാചരണങ്ങളുടെ ഭാഗമായി വായനാ മത്സരം, പോസ്റ്റർ രചന, ഹിന്ദി ക്വിസ് എന്നിവ സംഘടിപ്പിക്കും,.ഹിന്ദി സാഹിത്യകാരന്മാരെ പരിചയപ്പെടുത്തും.<br>3. ക്ലാസുകളിൽ പരമാവധി ഹിന്ദി ഭാഷ ഉപയോഗിക്കും. കുട്ടികളോടുള്ള ചോദ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിച്ച് ഭാഷ സ്വായത്തമാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കും.<br>4. ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി. | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>4. ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ<br><br>ഹിന്ദി അധ്യാപകൻ | പി റ്റി എ<br><br>പി റ്റി എ<br><br>പി റ്റി എ |

# മേഖല – എച്ച് എസ് ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു . അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു . | ജൂൺ ,ജൂലൈ | ഹിന്ദി അധ്യാപകർ | പി ടി എ |
| ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥി യുടെയും ജനന തിയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റ് നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ്, സെപ്റ്റംബ്ര് | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു .കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഒക്ടോബർ, നവംബർ | ഹിന്ദി അധ്യാപകർ | പി ടി എ |
| ഹിന്ദിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു, ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു | ഡിസംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | | | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാ വാക്യങ്ങൾ എഴുതുവാൻ അറിയുന്നു. | ചാർട്ടുകൾ നൽകുന്നു സർവ്വനാമം,വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു .കവിത ,കഥ എന്നിവ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | ഓഗസ്റ്റ്, സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | പി റ്റി എ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു കവിത വായിച്ചു ആസ്വാദനക്കുറിപ്പു തയ്യാറാക്കുന്നു | പോസ്റ്ററിന്റെ മാതൃക നൽകുന്നു വിവിധ വിഷയങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിച്ചു മൂല്യ നിർണ്ണയം നടത്തുന്നു<br>ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദന കുറപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. | ഒക്ടോബർ | ഹിന്ദി അധ്യാപകർ | പി റ്റി എ |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഭാഷാപരമായ പ്രവർത്തനങ്ങൾ നൽകുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | നവംബർ | ഹിന്ദി അധ്യാപകർ | പി ടി എ |
| സാഹിത്യാഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്തു ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ ,കവിത, പോസ്റ്റർ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു. | ഡിസംബർ | ഹിന്ദി അധ്യാപകർ | പി ടി എ |
| ആശയങ്ങൾ വിവിധ | പാഠഭാഗത്തിലെ സന്ദർഭങ്ങൾ | | ഹിന്ദി | പി റ്റി എ |

| | | | | |
|---|---|---|---|---|
| തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു. സ്വഭാവ സവിശേഷതകളിൻ മേൽ കുറപ്പ് തയ്യാറാക്കാൻ അറിയുന്നു. ഡയറി എഴുതാൻ അറിയുന്നു. | നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറുപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | | അധ്യാപകർ | |
| ഹിന്ദി പഠനം കാര്യ ക്ഷമമാക്കൽ | കഥാവായന,എഡിറ്റിംഗ് ഹിന്ദി, ക്ലബ് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ,<br>ഹിന്ദി അസംബ്ലി | ജനുവരി | ഹിന്ദി അധ്യാപകർ | പി റ്റി എ |

# മേഖല - യു പി സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ<br>2. വിവിധ ശേഷികളുടെ വികസനം<br>3. തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം<br>4. ഭൗതിക മാതൃകയുടെ സഹായത്തോടെ ഭൂമിശാസ്ത്ര പഠനം രസകരമാക്കൽ.<br>5. കേരളത്തിലെ ജില്ലകളെയും ഇന്ത്യയിലെ സംസ്ഥാനങ്ങളെയും അവയുടെ സ്ഥാനത്തെയും | 1. കൂടുതൽ അറിയാൻ കൂടുതൽ വായിക്കാം - അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസ്സുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ.<br>2. ദിനാചരണം.<br>ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ.<br>3. പുരാവസ്തു പ്രദർശനം<br>വിദ്യാർത്ഥികൾ അവരുടെ വീടുകളിൽ നിന്നുള്ള ഒരു പഴയ വസ്തു ( നാണയങ്ങൾ, താളിയോലകൾ മുതലായവ) ക്ലാസിലേക്ക് കൊണ്ടുവന്ന് പ്രദർശിപ്പിക്കുന്നു. വസ്തുവിന്റെ ഉപയോഗം, പ്രാധാന്യം തുടങ്ങിയവ ക്ലാസിൽ ചർച്ച ചെയ്യുന്നു. ഇതിലൂടെ കുട്ടികൾക്ക് ആ കാലഘട്ടത്തെക്കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കുകയും ചരിത്രത്തെ വസ്തുതാപരമായി മനസ്സിലാക്കുവാനും | ആഴ്ചയിൽ ഒന്ന്<br>ആവശ്യാനുസരണം<br>ഒരുമാസം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ SRG<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര | പി റ്റി എ<br>പി റ്റി എ<br>പി റ്റി എ |

| | | | | |
|---|---|---|---|---|
| വലിപ്പത്തെയും കുറിച്ചുള്ള അവബോധം.<br>6. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.<br>7. റോഡ് സുരക്ഷ ചിഹ്നങ്ങളും അടിസ്ഥാന നിയമങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതോടൊപ്പം സുരക്ഷിതമായി യാത്ര ചെയ്യാൻ പ്രേരിപ്പിക്കുക.<br>8. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ച് സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആസ്വാദനത്തിലൂടെ പ്രാപ്തമാക്കുവാൻ.<br>9. ആനുകാലിക സംഭവങ്ങളെക്കുറിച്ച് അറിവ് നേടുക. | സാധിക്കുന്നു.<br>4. ഗ്ലോബ് നിർമ്മാണം.<br>പേപ്പർ ബോളോ,ടെന്നീസ് ബോളോ ഉപയോഗിച്ചുകൊണ്ട് ഭൂമിയുടെ ആകൃതിയും പ്രധാന വൻകരകളും സമുദ്രങ്ങളും ഏതൊക്കെയെന്ന് കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.<br>5. ഭൂപട നിർമ്മാണം.<br>കേരളം - ജില്ലകൾ, അതിരുകൾ.<br>ഇന്ത്യ:-<br>സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ, അതിരുകൾ.<br>6. ജനാധിപത്യം ക്ലാസ് മുറിയിൽ:-<br>തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസിൽ ഒരു മാതൃക തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുക.<br>7. പോസ്റ്റർ നിർമ്മാണം:-<br>ഹെൽമെറ്റ് ധരിക്കുക,സീബ്ര ക്രോസിംഗ് ഉപയോഗിക്കുക,എന്നത് പോലെയുള്ള പോസ്റ്ററുകൾ നിർമ്മിക്കുക ഇവ സുരക്ഷാ സന്ദേശങ്ങൾ കാഴ്ചയിലൂടെ ഉൾക്കൊള്ളാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു.<br>8. ദൃശ്യപാഠങ്ങൾ<br>ICT സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.<br>9. വാർത്ത കൊളാഷ്<br>സാമൂഹ്യശാസ്ത്ര പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ആനുകാലിക സംഭവവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിച്ച് വാർത്താകോളഷ് തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | പി റ്റി എ<br>പി റ്റി എ<br>പി റ്റി എ |

# മേഖല - എച്ച് എസ് സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രസംഭവങ്ങൾ കാലഗണന ക്രമത്തിൽ തിരിച്ചറിയുന്നതിന് | ബ്രിട്ടീഷുകാർക്കെതിരെ നടന്ന കലാപങ്ങൾ കാലഘട്ട അടിസ്ഥാനത്തിൽ വീഡിയോ ക്ലിപ്പുകൾ പ്രദർശിപ്പിക്കുന്നു, കലാപങ്ങളുടെ പേരുകൾ മാത്രം ചാർട്ടിന്റെ സഹായത്തോടെ ചുവരിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളെ ഗ്രൂപ്പ് തിരിച്ച് കലാപങ്ങൾ നടന്ന വർഷങ്ങൾ എഴുതിയ ചാർട്ട് കഷ്ണങ്ങൾ ഗ്രൂപ്പുകൾക്ക് നൽകി ചുമരിൽ പ്രദർശിപ്പിച്ച ചാർട്ടിലെ കലാപങ്ങൾക്ക് നേരെ ശരിയായ രീതിയിൽ വർഷങ്ങൾ എഴുതിയ ചാർട്ട് കഷണങ്ങൾ ഒട്ടിക്കുക കുട്ടികളെ ഗ്രൂപ്പായി തിരിച്ചു ഓരോ മർദ്ധ മേഖലകളുടെയും പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുന്ന പോയിന്റുകൾ സൂചിപ്പിച്ച ചാർട്ടുകഷണങ്ങൾ ഗ്രൂപ്പിൽ കുട്ടികളോട് ചുമരിലെ ചാർട്ടിൽ ശരിയായ മർദ്ദ മേഖലകൾക്ക് നേരെ ഒട്ടിക്കുവാൻ ആവശ്യപ്പെടുന്നു | ജൂൺ മൂന്നാമത്തെ ആഴ്ച<br>ജൂലൈ ആദ്യ ആഴ്ച<br>ജൂൺ അവസാന ആഴ്ച | സാമൂഹ്യശാസ്ത്ര അധ്യാപകൻ | പി റ്റി എ |
| പാഠഭാഗവുമായി ബന്ധപ്പെട്ട ആൽബം തയ്യാറാക്കൽ | ബ്രിട്ടീഷ് അധിനിവേശവും ചെറുത്തുനിൽപ്പും' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് അവയ്ക്ക് അടിക്കുറിപ്പ് തയ്യാറാക്കി ക്ലാസ് തലത്തിൽ ആൽബം തയ്യാറാക്കുക. | ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | പി ടി എ |
| ആഗോള മർദ്ദ മേഖലകൾ കുട്ടികൾ തിരിച്ചറിയുന്നതിന് | ഓരോ ആഗോള മർദ്ദ മേഖലകളുടെയും പ്രത്യേകതകൾ ചിത്രത്തിന്റെയും വീഡിയോയുടെയും, ചാർട്ടുകളുടെയും സഹായത്തോടെ പ്രദർശിപ്പിക്കുന്നു. | ആവശ്യാനുസരണം | സോഷ്യൽ സയൻസ്അധ്യാപകർ | പി റ്റി എ |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കാ | കൂടുതൽ അറിയാൻ ഭൂപടം വായിക്കാം. ഭൂപട വായനയ്ക്ക് സഹായകരമാകുന്ന തരത്തിൽ | തുടർച്ച – ആദ്യ ആഴ്ചയിൽ (ആവശ്യാനുസ | സോഷ്യൽ സയൻസ്അധ്യാപകർ | പി റ്റി എ |

| | | | | |
|---|---|---|---|---|
| ൻ ഭൂപട പഠനം | കേരളം, ഇന്ത്യ ഭൂപടങ്ങൾ പ്രദർശിപ്പിക്കൽ | രണം) | | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ, ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുമായി സംഘടിപ്പിക്കൽ | ആവശ്യാനുസരണം | സോഷ്യൽ സയൻസ്അധ്യാപകർ | മാനേജ്മെന്റ് |
| തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം | ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയം അടിസ്ഥാനത്തിൽ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു | ഒരുമാസം | സോഷ്യൽ സയൻസ്അധ്യാപകർ | പി ടി എ |
| ഭൂമിശാസ്ത്ര സവിശേഷതകൾ കണ്ടെത്താൻ ഭൂപട പഠനം | മൈ ഓൺ അറ്റ്ലസിലേക്ക് ഭൂപടം തയ്യാറാക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട ഭൂമിശാസ്ത്ര സവിശേഷതകൾ വ്യക്തമാക്കുന്ന ഭൂപടങ്ങൾ | ഒക്ടോബർ | സോഷ്യൽ സയൻസ്അധ്യാപകർ | മാനേജ്മെന്റ് |
| ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യൽ | ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്റർ നിർമ്മാണം , മുദ്രാവാക്യ നിർമ്മാണം, പ്രസംഗം തയ്യാറാക്കൽ,ഉപന്യാസരചന . | ഒരു മാസം | സോഷ്യൽ സയൻസ്അധ്യാപകർ | പി റ്റി എ, മാനേജ്മെന്റ് |

## **മേഖല – യു പി സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി ദിനത്തിന്റെയും കൃഷിയുടെയും പ്രാധാന്യം കുട്ടികളിൽ എത്തിക്കുക.<br>2.ശാസ്ത്രബോധം വളർത്തുന്നതിനോടൊപ്പം മാനുഷിക മൂല്യങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. | 1.പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പച്ചക്കറിത്തോട്ട നിർമ്മാണം.<br>-പ്ലാസ്റ്റിക് നിർമാർജന പ്രവർത്തനങ്ങൾ. (3wastebin, പേനപ്പെട്ടി,.... etc)<br>2. ലഹരിക്കെതിരെ ബോധവൽക്കരണം.<br>3. വിദഗ്ധരുടെ സഹായത്തോടെ പാഠനോപകരണ ശില്പശാല നടത്തിക്കൊണ്ട് സയൻസ് ക്ലബ് ഉദ്ഘാടനം.<br>- ലാബ് നവീകരണം. | ജൂൺ<br>ജൂൺ | അധ്യാപകർ<br>സയൻസ്അധ്യാപകർ | പി റ്റി എ<br>പി റ്റി എ |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രത്തിന്റെ പ്രക്രിയ ശേഷികളിൽ കുട്ടികളെ നിശ്ചിത നിലവാരത്തിൽ എത്തിക്കുക.<br>4. ശാസ്ത്ര സർഗാത്മകത വളർത്തുന്നതിനോടൊപ്പം ശാസ്ത്ര ലോകത്തേക്ക് കുട്ടികളെ എത്തിക്കുക.<br>5. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക.<br>6.5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ പങ്കാളിയാക്കുക.<br>7. ശാസ്ത്ര സർഗാത്മഗതയ്ക്കുള്ള അവസരങ്ങളുടെ കുറവ് പരിഹരിക്കുക.<br>8. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക.<br>9. കുട്ടികളിലെ | 4. ചാന്ദ്രദിനവുമായി ബന്ധപ്പെട്ട 'ക്ലാസിൽ നിന്നൊരു മികച്ച റോക്കറ്റ് 'എന്ന പരിപാടി സംഘടിപ്പിക്കുക.<br>-ബഹിരാകാശ ഭാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>5.ICT പ്രയോജനപ്പെടുത്തി ക്ലാസ് എടുക്കൽ.<br>6.5,6,7 ക്ലാസുകളുടെ മുഴുവൻ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>-കുട്ടിക്കൊരു ശാസ്ത്രകിറ്റ് -നിരന്തര മൂല്യനിർണയത്തിന് ആവശ്യമായ യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു.<br>-സെമിനാർ പ്രസന്റേഷൻ.<br>-പ്രോജക്ട് തയ്യാറാക്കുന്നു.<br>-അഭിമുഖം<br>-വിവരശേഖരണം- സർവ്വേ<br>-പതിപ്പ് നിർമ്മാണം<br>-പഠനോപകരണ ശില്പശാലയെ പ്രയോജനപ്പെടുത്തി ക്ലാസ്സ് -ലാബ് തയ്യാറാക്കൽ.<br>7.- സ്കൂൾ ശാസ്ത്രലാബ്<br>- ശാസ്ത്രനാടകങ്ങൾ.<br>8.ICT വിഭവങ്ങൾ തയ്യാറാക്കൽ.<br>9. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.<br>-പരീക്ഷണ ശില്പശാല സ്കൂൾ ശാസ്ത്രമേള.<br>10. പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചിത്രങ്ങൾ വരയ്ക്കുക.<br>-എല്ലാ ക്ലാസ്സുകളിലും വിസ്മയ ചുമർ നിർമ്മിക്കുക.<br>11. ഓസോൺ ദിനത്തോടനുബന്ധിച്ച്(September 16) ഓസോൺ പാളികളെ കുറിച്ചുള്ള വിദഗ്ധരുടെ അഭിമുഖ വീഡിയോ പ്രദർശനം.<br>12. ദേശീയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ<br>-ബോധവൽക്കരണങ്ങൾ.<br>13. ജലസംരക്ഷണ ഘോഷയാത്ര. | .ജൂൺ -ജൂലൈ<br>ജൂലൈ<br>ഒക്ടോബർ<br>നവംബർ<br>ഫെബ്രുവരി<br>ജനുവരി<br>ജൂൺ -മാർച്ച്<br>സെപ്റ്റംബർ | സയൻസ്അധ്യാപകർ<br>സയൻസ്അധ്യാപകർ<br>സയൻസ്അധ്യാപകർ | പി റ്റി എ<br>പി റ്റി എ<br>പി റ്റി എ |

| | | | | |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം വളർത്തൽ.<br>10. സ്കൂൾ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ.<br>11. ഓസോൺ പാളികളുടെ പ്രത്യേകതകൾ കുട്ടികളിൽ എത്തിക്കുക.<br>12. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.<br>13. സർഗാത്മകത വളർത്തുക. | -പഠനോത്സവം. | ഡിസംബർ<br>ഫെബ്രുവരി<br>ഫെബ്രുവരി | | |

# <u>മേഖല - എച്ച് എസ് സയൻസ്</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ,കൗതുകം,ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ശാസ്ത്ര തത്വങ്ങൾ ലഘുവായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം പാഠഭാഗ വുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം ക്ലാസുകളിൽ ,ഐഡിയ ഫസ്റ്റ് സംഘടിപ്പിക്കൽ സ്കൂൾതല സയൻസ് എക്സിബിഷൻ | ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | പി ടി എ |
| ശാസ്ത്രലോകത്തേക്ക് | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന ,ശാസ്ത്ര ശില്പശാല സംഘടിപ്പിക്കൽ ,ഗവേഷണാത്മക | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| | പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം | | | |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുക | ആവശ്യമുള്ള സന്ദർഭങ്ങളിൽ അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| ശാസ്ത്രമേളകളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | 4. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്നുമാസം | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| ശാസ്ത്ര ലാബ് നവീകരണം | സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ഒരു വർഷത്തിൽ മൂന്നുമാസം | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം ജൈവവൈവിധ്യ ഉദ്യാനം വിപുലപ്പെടുത്തൽ | ഔഷധത്തോട്ടം, പച്ചക്കറി തോട്ടം നിർമ്മിക്കൽ ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ | | സയൻസ് അധ്യാപകർ | പി ടി എ |
| അന്വേഷണാത്മകത വർദ്ധിപ്പിക്കൽ | ഇൻസ്പെയർ അവാർഡ്, YIP മുതലായവയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു | ഒരുമാസം | ഒരു വർഷത്തിൽ മൂന്നുമാസം | പി ടി എ |
| ഭിന്നശേഷി വികസനം | സയൻസ് ലാബിലെ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ, രസകരമായ പരീക്ഷണങ്ങളിൽ പങ്കാളികളാക്കൽ ,ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പാടവം വളർത്തൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, എക്കോ ക്ലബ്, സയൻസ് ക്ലബ് | മാനേജ്മെന്റ് |
| ജീവശാസ്ത്രം അത്ഭുതലോകത്തേക്ക് - കൗതുകം, ജിജ്ഞാസ, നിരീക്ഷണം എന്നിവ വളർത്തുന്നു. | ജൈവവൈവിധ്യം പരിസ്ഥിതി പരിപാലനം, ലഘുപരീക്ഷണങ്ങൾ,മോഡൽ നിർമ്മാണം,പോസ്റ്റർ നിർമ്മാണം,പ്ലക്കാർഡ് നിർമ്മാണം എന്നിവയുടെ നിർമ്മിതിക്ക് വേണ്ടി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br>- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2. ശാസ്ത്രബോധം | മെച്ചപ്പെട്ട ലഘു പ്രോജക്ടുകൾ പൊതുവേദിയിൽ അവതരിപ്പിക്കാൻ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| വളർത്തൽ നിരന്തരമായ അന്വേഷണങ്ങൾ വഴി ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു. | അവസരം നൽകുന്നു.ക്ലാസിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു തുടർന്ന് സെമിനാറുകൾ പൊതുവേദികളിൽ അവതരിപ്പിക്കുന്നു ഓരോ വർഷവും കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കാൻ വേണ്ടി ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ, ചാർട്ടുകൾ എന്നിവ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. | | | |
| ഹൈടെക് വേൾഡ് | 4. ശാസ്ത്ര ശില്പശാല, ശാസ്ത്ര ലൈബ്രറി, ശാസ്ത്ര ലാബ്, ശാസ്ത്ര മാസിക ഉദ്യാന കൃഷി ജൈവവൈവിധ്യ പാർക്ക് എന്നിവ ആധുനികവൽക്കരിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| പരിസ്ഥിതി പരിപാലന മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യ മേഖല പരിപോഷിപ്പിക്കുന്നു. പ്ലാസ്റ്റിക് മലിനീകരണം സ്കൂൾ വളപ്പിൽ നിന്ന് പൂർണ്ണമായും മാറ്റി പ്ലാസ്റ്റിക് നിർമാർജ്ജനം നടപ്പിലാക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | പിടിഎ, മാനേജ്മെന്റ് |
| അന്വേഷണാഭിരുചി വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, പച്ചക്കറിത്തോട്ടം നിർമ്മിക്കൽ എന്നിവയിൽ പ്രാവീണ്യം നേടുന്നു. സംസ്ഥാന ദേശീയ തല ക്വിസ് ,സെമിനാർ പ്രോജക്ട്, ശാസ്ത്രജ്ഞന്മാരുമായുള്ള സംവാദം. | അക്കാദമിക വർഷം | സയൻസ് ക്ലബ്,കൃ ഷി വകുപ്പ് ,ഹരിത സേന | |

# <u>മേഖല - യു പി കണക്ക്</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പുവരുത്തുന്നു.<br>2. രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും. | 1. ഗണിത ശില്പശാല:- കളി രീതിയിലുള്ള അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ( നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് മുതലായവ ഉപയോഗിക്കുന്നു)<br>2. ജാമിതീയ രൂപ നിർമ്മാണം:- – ഒറിഗാമി ശില്പശാല<br>3. ഗണിത മൂല, ഗണിത ലാബ്. | ജൂൺമാസം<br>വർഷത്തിൽ ഒരു പ്രാവശ്യം<br>ആവശ്യാനുസരണം ഒരു വർഷം | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് അംഗങ്ങൾ – ഗണിത അധ്യാപകർ | പിടിഎ, മാനേജ്മെന്റ്<br>പിടിഎ, മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ.<br>4. ഗണിതം മധുരമാക്കൽ.<br>5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ.<br>6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.<br>7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.<br>8. വിവിധശേഷികളുടെ വികസനം. | 4. ഗണിത നിഘണ്ടു ഗണിത വിനോദം.<br>5. ഗണിത ഗ്രാമം.<br>6. ICT സാധ്യതകളിലൂടെ<br>7. ഗണിത ക്ലിനിക്ക്<br>8. ദിനാചരണം, ഗണിത അസംബ്ലി | ഒരു വർഷം<br>വർഷത്തിൽ നാലോ അഞ്ചോ തവണ<br><br>മാസത്തിൽ ഒരു പ്രാവശ്യം.<br><br>ആഴ്ചയിൽ ഒരു പിരീഡ്.<br><br>ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും<br><br>ഗണിത അധ്യാപകർ<br><br>ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ<br><br>ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ<br>SRG | പിടിഎ, മാനേജ്മെന്റ്<br><br>പിടിഎ, മാനേജ്മെന്റ് |

## മേഖല – എച്ച് എസ് കണക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഗണിതക്രിയ ബലപ്പെടുത്തൽ ചതുഷ്ക്രിയകൾ ഉൾക്കൊള്ളിച്ച് നിർദ്ധാരണം ചെയ്യുന്നതിന്. | എല്ലാ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. ഗുണന പട്ടിക ഉറപ്പിക്കുന്നു.<br>സംഘപഠനം. | ജൂൺ | ഗണിത അധ്യാപകർ, ഗണിത പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ. | പി ടി എ |

| | | | | |
|---|---|---|---|---|
| വിവിധ സംഖ്യാ ശ്രേണികൾ പരിചയപ്പെടൽ | ചാർട്ടുകൾ ഉപയോഗിച്ച് വിവിധ സംഖ്യാ ശ്രേണികളിൽ നിന്ന് അവയുടെ പൊതുവായ പ്രത്യേകത കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ | ജൂലൈ | ഗണിത അധ്യാപകർ, | മാനേജ്മെന്റ് |
| ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള ആശയങ്ങൾ ഉറപ്പിക്കൽ. | ചാർട്ട് പേപ്പർ ഉപയോഗിച്ച് വിവിധ ജ്യാ മിതീയ രൂപങ്ങളുടെ നിർമ്മാണം. | ഓഗസ്റ്റ് | ഗണിത അധ്യാപകർ | പി റ്റി എ |
| നിർമ്മിതികളിലെശേഷി കൈവരിക്കൽ. | വിവിധ അളവുകളിൽ ജ്യാമിതീയ പെട്ടി ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.<br>വിവിധ ജ്യാമിതീയ രൂപങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തൽ. (sides,vertices, diagonal,sum of tha angles, outer angles etc.)<br>വൃത്ത രൂപങ്ങളിൽ നിന്നും ഞാൺ, ചാപം,മറുചാപം എന്നീ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | ഓഗസ്റ്റ് | ഗണിത അധ്യാപകർ | പി റ്റി എ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ,അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല ,ക്ലബ് പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം മുഴുവൻ. | | |
| വിവിധ ബാങ്കിംഗ് സമ്പ്രദായങ്ങൾ പരിചയപ്പെടൽ | ബാങ്ക് ജീവനക്കാരെ ഉൾപ്പെടുത്തി സെമിനാർ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | ഗണിത അധ്യാപകർ | പി റ്റി എ |
| കുടുംബ ബജറ്റ് തയ്യാറാക്കൽ.<br>രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | വ്യക്തിഗതമായി കുട്ടികൾ കുടുംബ ബജറ്റ് തയ്യാറാക്കൽ വിശകലനം.<br>മാസത്തിലൊരിക്കൽ ഒരു പിടിഎ നടത്തുന്ന ചുമതല നൽകുന്നു. | നവംബർ | രക്ഷിതാക്കൾ, അധ്യാപകർ | പി റ്റി എ |

| | | | | |
|---|---|---|---|---|
| വിവരശേഖരണം | ക്ലാസിലെ വിവിധ മേഖലയുമായി ബന്ധപ്പെടുത്തി വിവരശേഖരണം നടത്തുന്നു. (mark, age, height,weight) ഗ്രാഫുകളിലൂടെ ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണം. | ഡിസംബർ | ഗണിത അധ്യാപകർ, | പി റ്റി എ |

## മേഖല - യു പി. ഐ സി റ്റി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ICT യുടെ സഹായത്തോടെ പൂർത്തിയാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>2. പഠന പ്രവർത്തനങ്ങൾ പ്രായോഗിക പരിശീലനം നേടുക.<br>3. ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനമാകുന്നതോടൊപ്പം ദുരുപയോഗവും നടക്കുന്നു. ഇതിനെപ്പറ്റി രക്ഷിതാക്കളെയും കുട്ടികളെയും ബോധവാന്മാരാക്കുക.<br>4. സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | 1. സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറിലെ മാറ്റങ്ങളെ പറ്റിയും ഉപകരണങ്ങളെ പറ്റിയും പരിചയപ്പെടുത്തുക അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.<br>2. ചിത്രം വരയ്ക്കുക,നോട്ടീസ് തയ്യാറാക്കുക, ഗണിതരൂപങ്ങൾ വരയ്ക്കുക മറ്റു വിഷയങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>3. സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം,മാറിവരുന്ന സാങ്കേതിക വിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസ് സംഘടിപ്പിക്കുന്നു.<br>4. വിഷയാസ്പദമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജ്ജമാക്കുന്ന | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ഐടി ടീച്ചർ<br><br>ഐടി ടീച്ചർ<br><br>ഐടി ടീച്ചർ<br><br>ഐടി ടീച്ചർ | പി റ്റി എ<br><br>പി റ്റി എ<br><br>പി റ്റി എ |

# മേഖല - എച്ച് എസ്. ഐ സി റ്റി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ഐസിടി സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലന അധ്യാപകർ | പിടിഎ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ഐസിടി പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾതലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലന അധ്യാപകർ | പി ടി എ |
| പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതികവിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലന അധ്യാപകർ | പി ടി എ |
| ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനമാക്കുന്നതോട ൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിമാറി വരുന്ന സാങ്കേതികവിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർ ത്ഥികളെയും ബോധവൽ ക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലന അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| കാലഘട്ടത്തിലും ബോധവൽക്കരിക്കുക | | | | |
| നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ്‌വെയറുടെ ഉപയോഗം പ്രചാരത്തിലാക്കുക | സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു | അക്കാദമിക വർഷം | IT അധ്യാപകർ | പി ടി എ |
| സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാ അധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു | അക്കാദമിക വർഷം | IT അധ്യാപകർ | പി റ്റി എ |

## മേഖല - ഭിന്ന ശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷി കുട്ടികളുടെ സുഗമമായ യാത്രയ്ക്ക് | 1. ഭിന്നശേഷി സൗഹൃദ കെട്ടിടം , Ramp and rail , Adapted toilet, Resource Room | ഒരു വർഷം | പ്രഥമ അധ്യാപിക | PTA, Management |
| കുട്ടികൾക്ക് ദിനാചരണത്തെ കുറിച്ചുള്ള അവബോധം | 2. ദിനാചരണ പതിപ്പ്, ദിനാചരണ ക്വിസ്സിൽ പങ്കെടുക്കൽ, ദിനാചരണ സ്പീച്ച് | ദിനാചരണ ദിവസങ്ങളിൽ | സ്പെഷ്യൽ എഡ്യൂക്കേറ്റർ | |
| അക്ഷരം , ചിഹ്നം എന്നിവ ഉറക്കുന്നതിന് | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു, അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു | 6 -Months depended on the category and IQ of the child. | സ്പെഷ്യൽ എഡ്യൂക്കേറ്റർ | ക്ലാസ് അധ്യാപിക, റിസോഴ്സ് അധ്യാപിക |
| മാസങ്ങൾ , ആഴ്ചകൾ എന്നിവ | ദിവസവും എഴുതുന്ന നോട്ട്ബുക്കിൽ മാസം, | പ്രവർത്തനസമയങ്ങളിൽ | സ്പെഷ്യൽ എഡ്യൂക്കേറ്റർ | |

| | | | | |
|---|---|---|---|---|
| പരിചയപ്പെടുത്തൽ | ദിവസം, വർഷം എന്നിവ കലണ്ടറിന്റെ സഹായത്തോടെ എഴുതിപ്പിക്കുന്നു | ജൂൺ - മാർച്ച് | | |
| നേതൃപാടവം വളർത്തുക, സാമൂഹിക വൽക്കരണം വളർത്തുക | എല്ലാ ക്ലബ്ബുകളിലും കുട്ടികളെ പങ്കെടുപ്പിക്കുക | Academic year | ക്ലാസ് കോർഡിനേറ്റർ , സ്പെഷ്യൽ എഡ്യൂക്കേറ്റർ ,ക്ലാസ് അധ്യാപിക | ക്ലാസ് അധ്യാപിക റിസോഴ്സ് അധ്യാപിക |
| മറ്റു കുട്ടികളോടൊപ്പം ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കൽ | ഓരോ വിഷയത്തിലും സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം കുട്ടികൾക്ക് നൽകി പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | അക്കാദമിക വർഷം | സ്പെഷ്യൽ എഡ്യൂക്കേറ്റർ | |
| കലാകായിക മത്സരത്തിനോടുള്ള താല്പര്യം വളർത്തുക | സ്കൂൾതലം, സബ്ജില്ലാതലം എന്നിവയിൽ പ്രവർത്തിപരിചയമേളകളിലും കലാ കായിക മേളങ്ങളിലും സ്പെഷ്യൽ അധ്യാപികയുടെ സഹായത്തോടെ കുട്ടികളെ പങ്കെടുപ്പിക്കുന്നു | കലാ മത്സര കാലഘട്ടത്തിൽ | സ്പെഷ്യൽ എഡ്യൂക്കേറ്റർ , സ്പെഷ്യലിസ്റ്റ് ടീച്ചർ ,ക്ലാസ് ടീച്ചർ | ക്ലാസ് അധ്യാപിക റിസോഴ്സ് അധ്യാപിക |

## മേഖല -എച്ച് എസ് ഫിസിക്കൽ എഡ്യൂക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ.<br>2. ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനതു പ്രവർത്തനങ്ങൾ.<br>3. ഉപജില്ല- ജില്ല, | 1. രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ.<br>- കായിക ക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ<br>- പ്രഥമ ശുശ്രൂഷകൾ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം.<br>2. സ്കൂൾ കായികവേദി രൂപീകരണം,വാർഷിക പദ്ധതി ആസൂത്രണം.<br>- കായികവേദിയുടെ നേതൃത്വത്തിൽ മാരത്തൻ | ആഴ്ചയിൽ മൂന്നുദിവസം<br>യഥാ കാലങ്ങളിൽ<br>വെക്കേഷൻ,മറ്റ് അവധി ദിനങ്ങളിൽ. | കായിക അധ്യാപകൻ<br>കായികവേദി കൺവീനർ | SRG, SMC, PTA, ആരോഗ്യവകുപ്പ്<br>കായിക അധ്യാപകൻ,SMC , PTA, പൂർവ്വ വിദ്യാർത്ഥികൾ. Rs. 25,000<br>SMC, PTA, പൂർവ്വ വിദ്യാർത്ഥികൾ, |

| | | | | |
|---|---|---|---|---|
| സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ.<br>4. പെൺകുട്ടികളെ ശാക്തീകരിക്കുന്നതിലും ആത്മവിശ്വാസം വളർത്തുന്നതിലും. | ഫുട്ബോൾ പരിശീലനം, ബാഡ്മിന്റൺ പരിശീലനം,ഹോക്കി ടീം വാർത്തെടുക്കൽ,ഒളിമ്പിക്സ് ക്വിസ്, പതിപ്പ് നിർമ്മാണം മുതലായവ.<br>- കായികതാരങ്ങളെ ആദരിക്കൽ.<br>3. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ.<br>- ലഘു ഭക്ഷണം നൽകൽ.<br>4. പെൺകുട്ടികൾക്ക് ജൂഡോ/ കരാട്ടെ പരിശീലനം.<br>- സൈക്ലിംഗ് പരിശീലനം. | ആഴ്ചയിൽ മൂന്ന് ദിവസം. | കായിക അധ്യാപകൻ<br><br>കായിക അധ്യാപകൻ, കായികവേദി | Rs. 15,000<br><br>പരിശീലകൻ,SMC , PTA, Rs. 20,000 |

## മേഖല : യു പി സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ.<br>2) വീട് ഒരു പരീക്ഷണശാല | 1) ഭാഷാജ്ഞാനം:-<br>അക്ഷരമെഴുത്ത്<br>ചിന്നമുറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമരം നിർമ്മിക്കൽ<br>കാർട്ടൂൺ പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക.<br><br>പറയാം പഠിക്കാം:-<br>ചിത്രങ്ങളുടെ പേര് പറയൽ<br>ചിത്രകഥകൾ | ജൂൺ- ഓഗസ്റ്റ്<br><br>ജൂൺ -ജൂലൈ | റിസോഴ്സ് അധ്യാപിക<br><br>റിസോഴ്സ് അധ്യാപിക<br><br>റിസോഴ്സ് അധ്യാപിക | പി റ്റി എ<br><br>പി റ്റി എ |

| | | | | |
|---|---|---|---|---|
| :-<br>കാണുന്നതും കേൾക്കുന്നതും | ലഘു സംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | | റിസോഴ്സ് അധ്യാപിക | പി റ്റി എ |
| ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | 2) വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ-ഒക്ടോബർ | റിസോഴ്സ് അധ്യാപിക | പി റ്റി എ |
| 3) വായന ലോകം :-<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | 3) തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>ഓരോ സംസ്കൃതം പീരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റ് ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക | ആറുമാസം | റിസോഴ്സ് അധ്യാപിക | പി റ്റി എ |
| 4) കരിക്കിലും ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടി അസംബ്ലിയിൽ അനുമോദിക്കുക.<br>4) ക്ലബ്ബ് രൂപീകരണം | ജൂൺ -മാർച്ച് | | |
| 5) മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | പഠനോപകരണ നിർമ്മാണം | ജൂൺ -മാർച്ച് | റിസോഴ്സ് അധ്യാപിക | |
| 6) ആസ്വാദനലോകം:- ഓരോ കുട്ടിയുടെയും ആസ്വാദനശേഷി | കലണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം<br>പഠന യാത്ര | അഞ്ചുമാസം | | പി റ്റി എ |
| വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | 5) ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>എല്ലാമാസവും ക്വിസ് മത്സരം നടത്തുന്നു.<br>മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | | |
| 7) പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ആയുള്ള പ്രവർത്തനങ്ങൾ<br>8) ക്ലാസ് റൂം ആകർഷകം ആക്കുന്നതിന്. | 6) നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകാൻ. | | | പി റ്റി എ |

| | | | | |
|---|---|---|---|---|
| | മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം.<br><br>7) പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br><br>പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br><br>ഗൃഹ സന്ദർശനം നടത്തുന്നു<br>8)പെയിന്റിംഗ്<br><br>ലൈബ്രറി ഒരുക്കുന്നു.<br>സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | റിസോഴ്സ് അധ്യാപിക<br><br>റിസോഴ്സ് അധ്യാപിക<br><br>റിസോഴ്സ് അധ്യാപിക | പി റ്റി എ<br><br>പി റ്റി എ |

**മേഖല : യു പി അറബിക്**

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1. അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.<br>2. ഒറ്റ അക്ഷരങ്ങൾ ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങൾ ഉള്ള വാക്കുകൾ തിരിച്ചറിയുക.<br>3. അഭിവാദ്യങ്ങളും സെൽഫ് ഇൻട്രൊഡക്ഷനും അറബിയിൽ പറയുക.<br>4. ചിത്രം ഉപയോഗിച്ച് അറബി വാക്കുകൾ പറയുക.<br>5. ചെറിയ പാട്ടുകളും സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.<br>ക്ലാസ്സ് VI<br>1. ചെറിയ അറബി വാക്കുകൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.<br>2. അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.<br>3. ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാൻ പഠിക്കുക ചോദിക്കാൻ പഠിക്കുക.<br>4. ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക.<br>5. ചെറിയ ഖണ്ഡികകൾ വായിച്ച് | 1. അക്ഷരഗാനം ടീച്ചർ പാടി കേൾപ്പിക്കുന്നു.അക്ഷര കാർഡുകൾ പരിചയപ്പെടുത്തുന്നു.കാർഡ് ഉപയോഗിച്ച് വാക്ക് നിർമ്മിക്കുന്നു<br>2. ചെറിയ വാക്കുകൾ കാർഡ് ഉപയോഗിച്ച് നിർമ്മിക്കുന്നു.<br>3. ടീച്ചർ സലാം പറയുന്നു ഉപചാര വാക്കുകൾ പറയുന്നു, ആവർത്തിക്കുന്നു കുട്ടികൾ അതുപോലെ ശ്രമിക്കുന്നു.<br>4. കുടുംബം, സ്കൂൾ,ആശുപത്രി എന്നിവയുടെ ചിത്രം കാണിക്കുന്നു.<br>5. അറബി സംഭാഷണത്തിനായി വിവിധ സന്ദർഭങ്ങൾ പറയുന്നു കുട്ടികൾ ശ്രമിക്കുന്നു സ്കൂളിൽ മാർക്കറ്റിൽ വച്ച് കണ്ടുമുട്ടുന്ന സന്ദർഭം പറയുന്നു പാട്ട് കേൾപ്പിക്കുന്നു.<br>Class VI<br>1. വേർഡ് വീൽ തയ്യാറാക്കുന്നു.<br>2. ഉപചാര വാക്കുകൾ ആവർത്തിക്കുന്നു അഭിനയിച്ചുകൊണ്ട് വാക്കുകൾ ടീച്ചർ പറയുന്നു.<br>3. അറബിയിൽ ചോദ്യ വാക്കുകൾ ചോദിക്കുകയും ഉത്തരം പറയുകയും ചെയ്യുന്നു.<br>4. ഭക്ഷണം സ്കൂൾ കുടുംബം എന്നിവയുമായി ബന്ധപ്പെട്ട വേർഡ് വീൽ തയ്യാറാക്കുന്നു.<br>5. കഥാസന്ദർഭം,കഥാ ബുക്ക് കൊടുക്കുന്നു,കണ്ടെത്തുന്ന ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു.<br>6. സെൽഫ് ഇൻട്രൊഡക്ഷൻ, തർജിമ എന്നിവ നൽകുന്നു.<br>ക്ലാസ്സ് VII<br>1. ചിത്രകഥ ബുക്ക് നൽകുന്നു, പാഠഭാഗം പദാവലിയുടെ സഹായത്തോടെ കണ്ടെത്തുന്നതിന് ആവശ്യപ്പെടുന്നു സഹായിക്കുന്നു.<br>2. പദപയറ്റ് പദകേളി സംഘടിപ്പിക്കുന്നു വാക്കുകൾ നൽകുന്നു വാക്യങ്ങൾ നിർമ്മിക്കുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് നൽകുന്നു.<br>3. റോൾപ്ലേ ചോദ്യോത്തരങ്ങൾ ഗെയിമുകൾ പസിലുകൾ എന്നിവ നൽകുന്നു.ICT ഉപയോഗിക്കുന്നു.<br>4. ഒരു ഉദാഹരണം നൽകുന്നു അതേപോലെ താഴെ കൊടുക്കുന്ന വാക്കുകൾ പൂർത്തിയാക്കുന്നു.<br>ആവർത്തിക്കുന്നു വർക്ക് ഷീറ്റ് നൽകുന്നു. | ആഴ്ച തോറും<br>ആഴ്ച തോറും<br>എല്ലാ ദിവസവും<br>യൂണിറ്റ് തുടങ്ങുമ്പോൾ<br>ആഴ്ചയിൽ ഒരിക്കൽ<br>എല്ലാദിവസവും പാഠവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.<br>എല്ലാദിവസവും<br>എല്ലാദിവസവും<br>എല്ലാദിവസവും 10 മിനിറ്റ്<br>മാസത്തിലൊരിക്കൽ<br>മാസംതോറും. | അറബിക് ടീച്ചർ<br>അറബിക് ടീച്ചർ<br>അറബിക് ടീച്ചർ<br>അറബിക് ടീച്ചർ | പി റ്റി എ |

| | | | | |
|---|---|---|---|---|
| പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.<br>6. ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.<br>ക്ലാസ്സ് VII<br>1. അറബിക്കഥകൾ വാക്യങ്ങളും വായിച്ച് മനസ്സിലാക്കുക.<br>2. പദസമ്പത്ത് വികസിപ്പിക്കുക.<br>3. വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.<br>4. അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ മനസ്സിലാക്കുന്നു.<br>5. ചെറിയ വിവരങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.<br>6. അറബിഭാഷ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.<br>7. വായനശേഷി വികസിപ്പിക്കുന്നതിന്<br>. | 5. തർജ്ജിമ ശീലിപ്പിക്കുന്നു. ചിത്ര വായന.<br>6. ICT ഉപയോഗിക്കുന്ന രാഗകേളി സംഘടിപ്പിക്കുന്നു,ചാർട്ട്,കഥ ബുക്ക് എന്നിവ ഉപയോഗിക്കുന്നു.<br>7. പാഠഭാഗം എല്ലാ ദിവസവും വായിപ്പിക്കുന്നു. | മാസംതോറും<br>ആഴ്ച തോറും<br>എല്ലാദിവസവും<br>ആഴ്ച തോറും<br>ആഴ്ച തോറും<br>മാസംതോറും | | |

**മേഖല : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലൂടെ കുട്ടിയുടെ സമഗ്ര വികസനം, തൊഴിൽ നൈപുണി, വിവിധ തൊഴിൽ മേഖലകളെ കുറിച്ചുള്ള അവബോധം.<br><br>2. കൃഷിയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക, കൃഷി ഉൽപ്പന്നങ്ങൾ സ്കൂൾ ഉച്ചഭക്ഷണം പദ്ധതിയിൽ ഉൾപ്പെടുത്തുക ,സ്കൂൾ പരിസരം കൂടുതൽ മനോഹരമാക്കുക.<br><br>3. മാലിന്യമുക്ത സ്കൂൾ , പ്ലാസ്റ്റിക് നിർമ്മാർജ്ജനം.<br><br>4. സ്വയം വിശകലനം, സ്വയം പരിചരണം,കുട്ടി സ്വയം തന്റെ കഴിവുകളും ദൗർബല്യങ്ങളും തിരിച്ചറിയുക, പ്രതിസന്ധികളിൽ തളരാതെ മുന്നേറുക എന്നീ ലക്ഷ്യങ്ങൾ. | 1. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലെ വിവിധ മേഖലകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ , സർഗാത്മക പ്രവർത്തനങ്ങൾ, വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ.<br><br>2. കൃഷി പരിപാലനം നൂതന കൃഷി രീതികൾ പൂന്തോട്ട നിർമ്മാണം.<br><br>3. ശുചീകരണ പ്രവർത്തനങ്ങൾ , പേപ്പർ ബാഗ് നിർമ്മാണം<br><br>4. വ്യക്തിഗത വിവരശേഖരണം, വായന, യോഗ പരിശീലനം ,പ്രകൃതി നിരീക്ഷണം, വ്യക്തിഗത ഡയറിക്കുറിപ്പ്.<br><br>5. തയ്യൽ മെഷീൻ പരിശീലനം, വസ്ത്ര നിർമ്മാണം, എംബ്രോയിഡറി.<br><br>6. കരകൗശല നിർമ്മാണം, ഇലക്ട്രോണിക്സ് ,നോട്ട്ബുക്ക് നിർമ്മാണം, പാഴ്സ്തു പരിപാലനം.<br><br>7. നവമാധ്യമങ്ങൾ കണ്ടെത്തുക, ഡിജിറ്റൽ ഡോക്കുമെന്റേഷൻ, പഠനയാത്ര.<br><br>8. ഭക്ഷ്യമേള , സ്റ്റേഷനറി ഇനങ്ങൾ, ഫയൽ, നോട്ട്ബുക്ക് എന്നിവയുടെ നിർമ്മാണം. | ജൂൺ മുതൽ ആരംഭം<br><br>ജൂൺ മുതൽ ആരംഭം<br><br>ജൂൺ മുതൽ ആരംഭം<br><br>ജൂൺ മുതൽ ഡിസംബർ വരെ<br><br>ജൂലൈ മുതൽ ആരംഭം<br><br>ഓഗസ്റ്റ് മുതൽ ആരംഭം<br>ഒക്ടോബർ , നവംബർ<br><br>സെപ്റ്റംബർ മുതൽ ആരംഭം<br><br>ജനുവരി , ഫെബ്രുവരി<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | പ്രവർത്തിപരിചയ അധ്യാപിക, പ്രവർത്തി പരിചയം ക്ലബ്ബ്<br><br>2. പ്രവർത്തിപരിചയ അധ്യാപിക ,പ്രവർത്തി പരിചയ ക്ലബ്ബ്,<br><br>പ്രധമാധ്യാപിക.<br><br>3. പ്രവർത്തിപരിചയ അധ്യാപിക, പ്രവർത്തി പരിചയ ക്ലബ്ബ്, പ്രധാനാധ്യാപിക<br><br>4. പ്രവർത്തിപരിചയ അധ്യാപിക<br><br>5. പ്രവർത്തി പരിചയ അധ്യാപിക<br><br>6. പ്രവർത്തിപരിചയ അധ്യാപിക<br><br>7. പ്രവർത്തിപരിചയ അധ്യാപിക, ഐ.ടി അധ്യാപിക ക്ലാസ് ടീച്ചർ | 1. കൃഷിഭവൻ, പി.ടി.എ<br><br>2. പ്രവർത്തിപരിചയ ക്ലബ്ബ് , പി.ടി.എ<br><br>3. പി.ടി.എ<br><br>4. -<br><br>5. പി.ടി.എ<br><br>6. -<br><br>7. പി.ടി.എ<br><br>8. -<br><br>9. -<br><br>10. പി.ടി.എ |

| | | | | |
|---|---|---|---|---|
| 5. സ്വന്തമായി വസ്ത്രം രൂപകൽപ്പന ചെയ്യാനും, വസ്ത്രത്തിൽ വിവിധ അലങ്കാര പ്രവർത്തനങ്ങൾ ചെയ്യാനും പ്രാപ്തി നേടുക.<br><br>6. സ്വയം പര്യാപ്തത നേടുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക.<br><br>7. തൊഴിൽ രംഗത്തെ നവസാധ്യതകൾ തിരിച്ചറിയുക.<br><br>8. വിവിധ പ്രവർത്തിപരിചയ മേഖലകളിൽ നിന്നുള്ള ഉത്പാദനവും വ്യവസായവും.<br><br>9. സാമ്പത്തിക ഭദ്രത കൈവരിക്കുക.<br><br>10.പ്രവർത്തി പരിചയ മേളകളിലെ പങ്കാളിത്തവും ദിനാചരണങ്ങളും. | 9. ബഡ്ജറ്റ് തയ്യാറാക്കൽ<br><br>10. കുട്ടികളുടെ സർഗാത്മക കഴിവുകൾ ഇഷ്ട മേഖലകൾ കണ്ടെത്തി പരിശീലനം നൽകുന്നു , സ്കൂൾതലമേളകൾ സംഘടിപ്പിക്കുന്നു, വിവിധ മേഖലകളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു. | | 8. പ്രവർത്തിപരിചയ അധ്യാപിക, പ്രവർത്തി പരിചയം ക്ലബ്ബ്, പി.ടി.എ<br><br>9. പ്രവർത്തിപരിചയ അധ്യാപിക<br><br>10. പ്രവർത്തിപരിചി അധ്യാപിക, പ്രഥമ അധ്യാപിക, പി.ടി.എ | |